അപേക്ഷ വിശദമായി പരിശോധിച്ചശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പാഠപുസ്തകങ്ങളുടെ അച്ചടി

105 (3016) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചത് സർക്കാർ പ്രസ്സുകളിൽ അതിന് സംവിധാനങ്ങൾ ഇല്ലാത്തത് കൊണ്ടാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ച നടപടി സർക്കാർ അനുമതിയോടുകൂടി ആയിരുന്നുവോ ; 2013, 2014 വർഷങ്ങളിൽ എത്ര പുസ്തകങ്ങൾ സ്വകാര്യ പ്രസ്സുകൾവഴി അച്ചടിക്കുകയുണ്ടായി ;

(സി) ഇതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നുവോ ; ടെണ്ടറുകളിൽ പങ്കെടുത്ത പ്രസ്സുകൾ ഏതൊക്കെയായിരുന്നു ; വർക്ക് അവാർഡ് ചെയ്ത് ഏതെല്ലാം പ്രസ്സുകൾക്ക് എന്ത് നിരക്കിലായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) അച്ചടി ഏറ്റെടുത്ത പ്രസ്സുകൾ യഥാസമയംതന്നെ എല്ലാ പാഠപുസ്തകങ്ങളും അച്ചടിച്ച് നൽകുകയുണ്ടായോ ;

(ഇ) പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2008-09 അദ്ധ്യയന വർഷം മുതൽ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് സമയബന്ധിതമായി സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള ചുമതല, പൊതുമേഖലാ സ്ഥാപനമായ സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ടെണ്ടർ വിളിച്ചിരുന്നു. സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം, എസ്.ടി. റെഡ്യാർ ആന്റ് സൺസ് (വി.വി.എസ്) പബ്ലിക്കേഷൻസ് ആന്റ് കമ്പ്യൂട്ടറൈസ്ഡ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, എറണാകുളം, രാഷ്ട്രദീപിക, കോട്ടയം എന്നീ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. വർക്ക് നൽകിയിരുന്നത് സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം എന്ന പ്രസ്സിനാണ്. നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം എ)*

(ഡി) അച്ചടി ഏറ്റെടുത്ത സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം ഏകദേശം എല്ലാ പാഠപുസ്തകങ്ങളും യഥാസമയംതന്നെ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി.

(ഇ) സർക്കാർ പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം ബി & സി)*

അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

106 (3017) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി ; LP, UP, High School, HSS എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പുനിർദ്ദേശങ്ങളോ സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) പുതിയ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly